**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 630** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വാരിയം, ഉറിയൻപെട്ടി ഉന്നതികളിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** കോതമംഗലം നിയോജക മണ്ഡലത്തിൽ വന്യമൃഗശല്യത്തെ തുടർന്ന് വാരിയം, ഉറിയംപെട്ടി ഉന്നതികളിലെ 218 കുടുംബക്കാരെ പുനരധിവസിപ്പിക്കുന്നതിനായി അനുവദിച്ചിട്ടുള്ള 523 ഏക്കർ സ്ഥലത്തെ പുനരധിവാസം പൂർത്തിയായോയെന്നറിയിക്കാമോ ;

**<u>മറുപടി:</u> വാരിയം, ഉറിയംപെട്ടി ഉന്നതികളിലെ 218 കുടുംബങ്ങളിൽ 67 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയാക്കിയിട്ടുണ്ട്.**

**(ബി)** ഇല്ലെങ്കിൽ പൂർത്തിയാക്കുന്നതിനുള്ള എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

**<u>മറുപടി:</u> വാരിയം, ഉറിയംപെട്ടി ഉന്നതികളിലെ 218 കുടുംബങ്ങളിൽ 67 കുടുംബങ്ങൾക്ക് നിലവിൽ പന്തപ്രയിൽ രണ്ടേക്കർ വീതം ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 151 പേർ പന്തപ്ര തേക്ക് പ്ലാന്റേഷനിലേക്ക് പുനരധിവാസത്തിന് സമ്മതമല്ല എന്ന് ഒന്നാം ഘട്ടത്തിൽ അറിയിച്ചിരുന്നു. എന്നാൽ നിലവിൽ പുനരധിവാസത്തിന് സമ്മതം അറിയിച്ച 65 പേരിൽ 19 പേർക്ക് ഭൂമി നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ശേഷിക്കുന്ന 46 പേരിൽ 1 അപേക്ഷ ജില്ലാതല കമ്മിറ്റിയിലും 8 അപേക്ഷകൾ സബ് ഡിവിഷണൽ കമ്മിറ്റിയിലും പെൻഡിങ്ങിലാണ്.**

**വാരിയം, ഉറിയംപെട്ടി എന്നീ ഉന്നതികളിൽ താമസിക്കുന്ന പുനരധിവാസത്തിന് തയ്യാറായ ബാക്കി 37 കുടുംബങ്ങളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് കൈവശ രേഖ സറണ്ടർ ചെയ്ത് പന്തപ്രയിൽ ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**

**(സി)** കോതമംഗലം നിയോജക മണ്ഡലത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ, വാരിയം ഉൾപ്പെടെയുള്ള ആദിവാസി ഉന്നതിയിലേക്കും കല്ലേലിമേട് പ്രദേശത്തെയും ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ബ്ലാവന പാലത്തിന്റെ നിർമ്മാണത്തിന്റെ വിശദാംശങ്ങൾ നൽകാമോ?

**<u>മറുപടി:</u> പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ബ്ലാവന പാലം നിർമ്മിക്കുന്നതിനു ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി ഭരണാനുമതി ലഭിച്ചിരുന്നു.**

എന്നാൽ പ്രസ്തുത പാലം റിസർവ് വനത്തിന്റെ ഭാഗമായതിനാൽ ഇവിടെ സർവേ ചെയ്യുന്നതിനും ബോർഹോൾ എടുക്കുന്നതിനും വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കി മണ്ണ് പരിശോധനാ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പുതിയതായി നിർമ്മിക്കുന്ന പാലത്തിന് നൽകേണ്ടതായിട്ടുള്ള horizontal & vertical clearances ജലസേചന വകുപ്പിൽ നിന്ന് ലഭ്യമാകേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ